**പതിനാലാം കേരള നിയമസഭ**

**ഏഴാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2558** **17.08.2017 ൽ മറുപടിയ്ക്ക്**

**ഓണക്കാലത്ത് വ്യാജമദ്യത്തിന്റേയും ലഹരി വസ്തുക്കളുടെയും വ്യാപനം തടയുന്നതിന് നടപടി**

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ. ആർ. രാമചന്ദ്രൻ** | | **ശ്രീ. ടി. പി. രാമകൃഷ്ണൻ (തൊഴിലും എക്സൈസും വകുപ്പുമന്ത്രി)** |
| (എ) | ഓണക്കാലത്ത് വ്യാജമദ്യത്തിന്റേയും ലഹരി വസ്തുക്കളുടെയും വ്യാപനം തടയുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദീകരിക്കാമോ; | (എ) | ഓണക്കാലത്ത് വ്യാജമദ്യത്തിന്റേയും ലഹരി വസ്തുക്കളുടെയും വ്യാപനം തടയുന്നതിന് ആഗസ്റ്റ് 10-ാം തീയതിമുതൽ സെപ്റ്റംബർ 10-ാം തീയതി വരെ സ്പെഷ്യൽ എൻഫോഴ്സ്മെന്റ് ഡ്രൈവ് കാലയളവായി പ്രഖ്യാപിച്ച് എക്സൈസ് വകുപ്പിന്റെ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തിയിട്ടുണ്ട്. 24 മണിക്കൂറും പ്രവർത്തിക്കുന്ന ജില്ലാതല കൺട്രോൾ റൂമുകളും ഓരോ ജില്ലയിലും വിവിധ മേഖലകളായി തിരിച്ച് സ്ട്രൈക്കിംങ്ങ് ഫോഴ്സുകളും പ്രവർത്തിക്കുന്നതുമാണ്. സ്ഥിരം കുറ്റവാളികളെ പ്രത്യേകം നിരീക്ഷിക്കുകയും നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു. ചെക്ക് പോസ്റ്റുകളുടെ പ്രവർത്തനം ശക്തിപ്പെടുത്തുകയും ബോർഡർ പട്രോളിങ്ങ് യൂണിറ്റുകളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കിയിട്ടുള്ളതും വിവിധ വകുപ്പുകളും അയൽ സംസ്ഥാനങ്ങളിലെ എൻഫോഴ്സ്മെന്റ് വിഭാഗങ്ങളുമായി ചേർന്ന് സംയുക്ത പരിശോധനകൾ നടത്തിവരുന്നതുമാണ് |
| (ബി) | ഇതിനു സഹായകരമാകും രീതിയിൽ എക്സൈസ് റേഞ്ച് ഓഫീസുകളിലെ വാഹനങ്ങളുടെ കുറവും അവയുടെ ശോച്യാവസ്ഥയും പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ; | (ബി) | എക്സൈസ് റേഞ്ച് ഓഫീസുകളിലെ വാഹനങ്ങൾ ആവശ്യമായ അറ്റകുറ്റ പണികൾ അടിയന്തിരമായി നടത്തി ആയവ പ്രവർത്തന ക്ഷമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുള്ളതാണ്. ആവശ്യമായ സാഹചര്യങ്ങളിൽ മറ്റ് ഓഫീസുകളിലെ വാഹനങ്ങൾ ഉപയോഗിക്കുന്നതിനും വാഹനങ്ങൾ വാടകയ്ക്കെടുത്ത് ഉപയോഗിക്കുന്നതിനും നടപടികൾ സ്വീകരിക്കുന്നതാണ്. വാഹനങ്ങൾ സമയബന്ധിതമായി അറ്റകുറ്റ പണികൾ ചെയ്ത് ഉപയോഗക്ഷമമാക്കിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**